ഉത്തരം.

(എ) ഉണ്ട്.

(ബി) റോഡ് ഏറെറടുക്കുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

ചങ്ങനാശ്ശേരി സബ്രജിസ്റ്റർകച്ചേരി.

130. [32] ശ്രീ. എൻ. പരമേശ്വരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) ചങ്ങനാശ്ശേരിതാലൂക്കിൽ വെളിയനാട്, ചേന്നങ്കരി എന്നീ പകുതികൾ ചങ്ങനാശ്ശേരി സബ്രജിസ്റ്റർകച്ചേരിയുടെ അധികാരപരിധിയിൽനിന്നും മാറിയതിനെപ്പററി പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ജനങ്ങളുടെ സൗകര്യത്തെ പരിഗണിച്ച് ടി പകുതികൾ വീണ്ടും ചങ്ങനാശ്ശേരി സബ്രജിസ്റ്റർകച്ചേരിയുടെ അധികാരപരിധിയിൽ ഉൾപ്പെടുത്താൻ നടപടി എടുക്കുമോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ജനങ്ങളുടെ സൗകര്യത്തെ ലാക്കാക്കി ഡിപ്പാർട്ടുമെൻറിൽ നിന്നും വേണ്ട അന്വേഷണം നടത്തിയശേഷമാണ് ടി പകുതികൾ മാററിയിട്ടുള്ളത്. ടി പകുതികൾ തിരിയെ മാറേണ്ടതു് ആവശ്യമാണെന്നു കാണുന്നതായാൽ അതിലേയ്ക്കു് വേണ്ട നടപടി എടുക്കാവുന്നതാണ്.

അത്തുക്കുറി ഡിസ്പെൻസറി.

131. [35] ശ്രീ. പി. വി. അവിരാതരകൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) അത്തുക്കുറിയിൽ ഇന്നുള്ള ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തണമെന്നു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി;

(സി) ഇപ്പോൾ അവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം മതിയാകുന്നില്ലെന്നുള്ള വസ്തുത സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly